**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3811** **27-06-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റേഡിയങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായിക വകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മിച്ച സ്റ്റേഡിയങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | കായിക യുവജനകാര്യാലയത്തിന് കീഴിലുള്ള സ്റ്റേഡിയങ്ങളുടെ മേൽ നോട്ട പരിപാലന ചുമതല ഏൽപ്പിച്ചിരിക്കുന്നത് സ്പോർട്സ് കേരള ഫൌണ്ടേഷനെയാണ്. കായിക യുവജനകാര്യാലയത്തിൽ നിന്ന് ലഭ്യമാക്കുന്ന ഫണ്ടുപയോഗിച്ച് ആവശ്യമായ നവീകരണ പ്രവർത്തികൾ സ്റ്റേഡിയങ്ങളിൽ ചെയ്തു വരുന്നു. അതോടൊപ്പം സ്റ്റേഡിയത്തിന്റെ മേൽ നോട്ടത്തിനും പരിപാലനത്തിനുമായി ബന്ധപ്പെട്ട് എഞ്ചിനീയർമാർ, സുരക്ഷാ ജീവനക്കാർ, ശുചീകരണതൊഴിലാളികൾ, കെയർടെയ്ക്കർമാർ എന്നിവരെയെല്ലാം നിയോഗിച്ചിട്ടുണ്ട്.<br><br>പൊതുജനങ്ങൾക്ക് കായിക ക്ഷമത ഉറപ്പാക്കുന്നതിനായി സ്റ്റേഡിയങ്ങളെല്ലാം പരിശീലനത്തിനായി മിതമായ നിരക്കിൽ വിട്ടു നൽകുകയും, ദേശീയ അന്തർദേശീയ മൽസരങ്ങൾക്കായി സ്റ്റേഡിയങ്ങൾ അനുവദിച്ച് നൽകി വരുന്നുമുണ്ട്. |
| (ബി) | കാസർഗോഡ് ജില്ലയിലെ നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം കാര്യക്ഷമമായി നടത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | 400 മീറ്റർ സിന്തറ്റിക് ട്രാക്ക്, ഫുട്ബോൾ കോർട്ട് ബാസ്കറ്റ്ബോൾ കോർട്ട്, വോളിബോൾ കോർട്ട് എന്നിവയും 25 മീറ്റർ നീളമുള്ള നീന്തൽക്കുളവുമടക്കമാണ് നിലേശ്വരം ഇ എം എസ് സ്റ്റേഡിയം പൂർത്തീകരിച്ചിട്ടുള്ളത്. കായിക താരങ്ങൾക്ക് റസ്റ്റിംങ് റൂമായും ആവശ്യമെങ്കിൽ ഓഫീസായും ഉപയോഗിക്കാവുന്ന തരത്തിൽ നല്ല ഒരു ബിൽഡിംഗും ഇതോടനുബന്ധിച്ച് നിർമ്മിച്ചിട്ടുണ്ട്.<br><br>ഒരു കെയർടെയ്ക്കർ ഉൾപ്പെടെ മൂന്ന് ജീവനക്കാരും, നിന്തൽ കുളത്തിന്റെ മേൽനോട്ടത്തിനായി ഒരു ലൈഫ് ഗാർഡും ഇവിടെ ജോലി ചെയ്തു വരുന്നു. ഉത്തര മലബാറിലെ തന്നെ ഏറ്റവും സൗകര്യ |

| | | | |
|---|---|---|---|
| | | | പ്രദമായ സ്റ്റേഡിയമായി പൂർത്തീകരിച്ച നീലേശ്വരം സ്റ്റേഡിയം കായിക പ്രവർത്തനങ്ങൾക്കായി തുറന്ന് കൊടുത്തിട്ടുമുണ്ട് |

സെക്ഷൻ ഓഫീസർ